**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 874** **10-06-2021 - ൽ മറുപടിയ്ക്ക്**

**വിനോദസഞ്ചാര മേഖലയിലെ പ്രത്യേക പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി എച്ച് കുഞ്ഞമ്പു, ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി, ശ്രീ ഐ ബി സതീഷ്, ശ്രീ എം മുകേഷ്** | | **Shri P. A. Mohamed Riyas (പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കൊവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ വിനോദസഞ്ചാര മേഖലയിൽ തൊഴിലെടുക്കുന്നവർക്കും സംരംഭകർക്കുമായി പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; അറിയിക്കുമോ; | (എ) | സംസ്ഥാനത്ത് കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ വിനോദസഞ്ചാര മേഖലയിൽ തൊഴിലെടുക്കുന്നവർക്കും സംരംഭകർക്കുമായി സർക്കാർ വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. സംസ്ഥാനതല ബാങ്കേഴ്സ് സമിതി വഴി ടൂറിസം രംഗത്തുള്ള നിക്ഷേപകർക്കും കേരളാ ബാങ്ക് വഴി തൊഴിലെടുക്കുന്നവർക്കും വേണ്ടി ഏർപ്പെടുത്തിയ മുഖ്യമന്ത്രിയുടെ വായ്പാ പദ്ധതികളാണ് ഇതിൽ പ്രധാനം. ടൂറിസം വർക്കിംഗ് ക്യാപ്പിറ്റൽ സപ്പോർട്ട് സ്കീം, ടൂറിസം എംപ്ലോയ്മെന്റ് സപ്പോർട്ട് സ്കീം, ടൂറിസം ഗൈഡ് സപ്പോർട്ട് സ്കീം, ടൂറിസം ഹൗസ് ബോട്ട് സപ്പോർട്ട് സ്കീം എന്നിവ നടപ്പിലാക്കി. |
| (ബി) | ഇതിന്റെ ഭാഗമായി നടപ്പാക്കി വരുന്ന ടൂറിസം വർക്കിംഗ് ക്യാപ്പിറ്റൽ സ്കീം, ടൂറിസം എംപ്ലോയ്മെന്റ് സപ്പോർട്ട് സ്കീം, ടൂറിസം ഗൈഡ് സപ്പോർട്ട് സ്കീം, ടൂറിസം ഹൗസ് ബോട്ട് സപ്പോർട്ട് സ്കീം എന്നിവയുടെ വിശദാംശം നൽകുമോ; | (ബി) | ടൂറിസം വർക്കിംഗ് ക്യാപിറ്റൽ സപ്പോർട്ട് സ്കീം- ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്ന ഹോട്ടലുകൾ / റിസോർട്ടുകൾ / ടൂർ ട്രാൻസ്പോർട്ട് ഓപ്പറേറ്റർമാർ തുടങ്ങിയ വിവിധ യൂണിറ്റുകൾക്ക് 25 ലക്ഷം രൂപ വരെ വർക്കിംഗ് ക്യാപിറ്റൽ ലോൺ ആയി അനുവദിക്കുന്നതാണ് ഈ പദ്ധതി. 34 ബാങ്കുകൾ ഉൾപ്പെടുന്ന എസ്.എൽ.ബി.സി. വഴിയാണ് പദ്ധതി ഏകോപിപ്പിച്ച് നടപ്പാക്കുന്നത്. ലോൺ എടുക്കുന്ന യൂണിറ്റുകൾ 42 മാസം കൊണ്ടാണ് പലിശ ഉൾപ്പെടെയുള്ള തുക തിരികെ ബാങ്കുകൾക്ക് നൽകേണ്ടത്. ഇതിൽ ആദ്യ ആറു മാസം റീപേയ്മെന്റ് ഹോളിഡേ ആണ്. തുടർന്നുള്ള ഒരു വർഷം ആകെ പലിശയുടെ പകുതി (ഏറ്റവും കൂടുതൽ 4.5 ശതമാനം) interest subvention ആയി ബാങ്ക് വഴി യൂണിറ്റുകൾക്ക് നൽകുന്നതാണ്. ടൂറിസം എംപ്ലോയ്മെന്റ് സപ്പോർട്ട് സ്കീം- ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്ന ജീവനക്കാർക്ക് ലോൺ അനുവദിക്കുന്നതിനായുള്ള "ടൂറിസം എംപ്ലോയ്മെന്റ് സപ്പോർട്ട് സ്കീമിൽ" അപേക്ഷിക്കേണ്ടത് അതത് |

| | | | |
|---|---|---|---|
| | | | വ്യക്തികൾ ജോലി ചെയ്ത് വരുന്ന യൂണിറ്റുകൾ വഴിയാണ്. യൂണിറ്റുകൾ സമർപ്പിക്കുന്ന ജീവനക്കാരുടെ വിശദാംശത്തിന്റെ അടിസ്ഥാനത്തിൽ കേരള ബാങ്ക് വഴിയാണ് 30,000/- രൂപ വരെയുള്ള ലോൺ അനുവദിക്കുന്നത്. സ്വർണം ഈടായി സ്വീകരിച്ചു കൊണ്ടാണ് കേരള ബാങ്ക് ലോൺ അനുവദിക്കുന്നത്. ലോൺ എടുക്കുന്ന ജീവനക്കാർ 18 മാസം കൊണ്ടാണ് പലിശ ഉൾപ്പെടെയുള്ള തുക തിരികെ ബാങ്കുകൾക്ക് നൽകേണ്ടത്. ഇതിൽ ആദ്യ നാല് മാസം റീപേയ്മെന്റ് ഹോളിഡേ ആണ്. ആകെ പലിശയായ 9 ശതമാനത്തിൽ 6 ശതമാനം ടൂറിസം വകുപ്പ് കേരള ബാങ്കിന് നൽകുന്നതാണ്. ടൂറിസം ഹൗസ് ബോട്ട് സപ്പോർട്ട് സ്കീം- ഹൗസ് ബോട്ടുകളുടെ അറ്റകുറ്റ പണികൾക്കായി ഒറ്റത്തവണ ധനസഹായ പദ്ധതി ടൂറിസം വകുപ്പ് നടപ്പാക്കി വരുന്നു. ഒന്നു മുതൽ രണ്ടു വരെ കിടപ്പുമുറികൾ ഉള്ള ഹൗസ് ബോട്ടുകൾക്ക് 80,000/- രൂപയും മൂന്ന് മുതൽ നാല് വരെ കിടപ്പുമുറികൾ ഉള്ള ഹൗസ് ബോട്ടുകൾക്ക് 1,00,000/- രൂപയും അഞ്ചിലധികം കിടപ്പുമുറികൾ ഉള്ള ഹൗസ് ബോട്ടുകൾക്ക് 1,20,000/- രൂപയും ധനസഹായം നൽകുന്നതിനാണ് പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. ടൂറിസം ഗൈഡ്സ് സപ്പോർട്ട് സ്കീം- കോവിഡ്-19മഹാമാരിയുടെ പശ്ചാത്തലത്തിൽ വരുമാന രഹിതരായ സർക്കാർ അംഗീകൃത ടൂറിസ്റ്റ് ഗൈഡുമാർക്ക് ഒറ്റത്തവണ ഗ്രാന്റായി പതിനായിരം രൂപ നൽകിയിട്ടുണ്ട്. |
| (സി) | ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകളുടെ ലൈസൻസികൾക്ക് സ്ഥാപനങ്ങൾ അടഞ്ഞു കിടന്ന കാലത്തെ വാടക ഇളവ് അനുവദിക്കുന്നതിനും ലീസ് വ്യവസ്ഥയിൽ നൽകിയ സ്ഥാപനങ്ങൾക്ക് അവ അടച്ചിട്ട കാലം കണക്കാക്കി കരാർ കാലാവധി നീട്ടി നൽകുന്നതിനും ഉത്തരവ് നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (സി) | രാജ്യവ്യാപക ലോക്ക്ഡൗണും തുടർന്നുള്ള നിയന്ത്രണങ്ങളും പരിഗണിച്ച് ഡി.റ്റി.പി.സി. കളുടെ ലൈസൻസികൾക്കുള്ള സ്ഥാപനങ്ങൾ അടഞ്ഞ് കിടന്ന കാലത്തെ വാടക ഇളവ് അനുവദിച്ചും ലീസ് വ്യവസ്ഥയിൽ നൽകിയ സ്ഥാപനങ്ങൾക്ക് അവ അടച്ചിട്ട കാലം കണക്കാക്കിയും കരാർ കാലാവധി നീട്ടി നൽകിയും ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ